പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 7281, അഞ്ചാം സമ്മേളത്തിലെ 6109, ഒൻപതാം സമ്മേളത്തിലെ 4673, 6953 പത്താം സമ്മേളനത്തിലെ 1627, 1633 പതിനൊന്നാം സമ്മേളനത്തിലെ 6036, 6037, 7445 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

4. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1866, 3454 എട്ടാം സമ്മേളനത്തിലെ 3213, 3236 ഒൻപതാം സമ്മേളനത്തിലെ 4760 പത്താം സമ്മേളത്തിലെ 1772, 1792, 3407, 3436, 3440 പതിനൊന്നാം സമ്മേളനത്തിലെ 1583, 3214, 3215, 3234, 6099, 6110, 6133, 6134, 6136, 7543 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

VI റിപ്പോർട്ട് സമർപ്പണം

(1) 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മുഖ്യമന്ത്രിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റി അദ്ധ്യക്ഷനുമായ ഞാൻ 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഊർജ്ജ വകുപ്പുമന്ത്രിയും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷനറിയും വകുപ്പുമന്ത്രിയും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 'ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം-സർക്കാർ പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും 2007-12 പഞ്ചവത്സര പദ്ധതിയിൽപ്പെട്ട ഭക്ഷ്യസുരക്ഷ എന്ന പദ്ധതിയുടെ നടത്തിപ്പിനെ കുറിച്ചുള്ള സമിതിയുടെ ചർച്ചയുടെ സംക്ഷേപം, കൃഷി, മണ്ണുപര്യവേഷണം എന്നീ വകുപ്പുകളുടെ 2011-12 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ സമിതി നടത്തിയ ചർച്ചയുടെ സംക്ഷേപം എന്നിവയും സമർപ്പിക്കുന്നു.

VII ധനകാര്യം

2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-04, 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-04, 2009-10, 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. (.....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ നടത്തിക്കൊണ്ട് പോകണ്ടേ..... അനൗദ്യോഗിക പ്രമേയങ്ങൾ എടുക്കണ്ടേ.....

(കാര്യവിവരപ്പട്ടികയിലെ ആറാമത്തെ ഇനമായ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദു ചെയ്തു.)

ഓർഡർ, ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.49-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly